# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1936** 13/06/2019- **ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-നടപടി ക്രമങ്ങൾ**

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;<br><br>(ബി) റോഡപകടങ്ങളിൽപ്പെട്ട് ആശുപത്രികളിലെ ഐ.സി.യു.വിലും വെന്റിലേറ്ററിലും ചികിത്സിക്കപ്പെടുന്ന വിദ്യാർത്ഥികൾക്കും കുട്ടികൾക്കും മറ്റുള്ളവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തിരമായി ധനസഹായം ലഭ്യമാക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; വിശദമാക്കാമോ? | (എ) & (ബി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺ ലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകി വരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിനായി Direct Beneficiary Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. അപേക്ഷയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങളുടെയും ബാങ്ക് അക്കൗണ്ട് അടക്കമുള്ള രേഖകളുടെയും സത്യസന്ധതയും ആധികാരികതയും അന്വേഷണം നടത്തി ഉറപ്പു വരുത്തുന്നതിനും എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ ആയത് അപേക്ഷകനുമായി ബന്ധപ്പെട്ട് തിരുത്തി സമർപ്പിക്കുന്ന |

തിനും തുക നേരിട്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മതിയായ രേഖകൾ പരിശോധിച്ച് 10,000 രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട് . ദുരന്തപൂർണ്ണമായ സംഭവങ്ങളിലും സത്വര നടപടി ആവശ്യവുമായ കേസുകളിൽ നിശ്ചിത അപേക്ഷ സ്വീകരിക്കാതെ തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ക്യാബിനറ്റ് തീരുമാന പ്രകാരം അനുവദിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**